പ്രമേയം 11

# കലാപകാരികളുംബ്രിട്ടീഷ് രാജും

## 1857 ലെ കലാപം

- ബ്രിട്ടീഷുകാർക്കെതിരെയുള്ള ഇന്ത്യക്കാരുടെ ആദ്യത്തെ പ്രധാന കലാപം
- ബ്രിട്ടീഷ് സൈന്യത്തിലെ ഇന്ത്യൻ പടയാളികൾ (ശിപായിമാർ) കലാപത്തിന് തുടക്കം കുറിച്ചു
- 1857 മെയ് 10 ന് മീററ്റിലാണ് ലഹള പൊട്ടിപ്പുറപ്പെട്ടത്

## നേതാക്കളും അനുയായികളും

| നേതാക്കൾ | കലാപ കേന്ദ്രങ്ങൾ |
|---|---|
| ബഹദൂർഷാ രണ്ടാമൻ | ഡൽഹി<br>(കലാപകാരികൾ അദ്ദേഹത്തെ 'ഇന്ത്യയുടെ ചക്രവർത്തി'യായി പ്രഖ്യാപിച്ചു) |
| നാനാസാഹിബ് | കാൻപൂർ |
| റാണി ലക്ഷ്മി ഭായി | ജാൻസി |
| കൻവർ സിങ്ങ് | ആറയിൽ (ബീഹാർ) |
| നവാബ് ബിർജിസ് ഖാദർ,<br>ബീഗം ഹസ്റത്ത് മഹൽ | അവധ് |
| ഷാമൽ | ബറൗട്ടിൽ (യു.പി) |
| ഗോനു (ഗോത്ര നേതാവ്) | സിങ്ങ് ഭം (ചോട്ടാനാഗ്പൂർ) |
| മൗലവി അഹമ്മദുള്ള ഷാ | ഹൈദരാബാദ് |

- സാധാരണ സ്ത്രീകളും പുരുഷന്മാരും, മതനേതാക്കന്മാരുമെല്ലാം ഈ കലാപത്തിൽ സജീവമായി പങ്കെടുത്തു

## കിംവദന്തികളും പ്രവചനങ്ങളും

- ഇന്ത്യൻ സൈന്യത്തിൽ പുതുതായി കൊണ്ടുവന്ന റൈഫിളിലെ തിരകൾ പശുവിന്റെയും പന്നിയുടെയും കൊഴുപ്പ് പുരട്ടിയതാണെന്ന വാർത്ത സൈനികർക്കിടയിൽ പ്രചരിച്ചു
- പശുവിന്റെയും പന്നിയുടെയും കൊഴുപ്പ് പുരട്ടിയ ആവരണം കടിച്ച് പൊട്ടിച്ച് തിരകൾ ഉപയോഗിക്കുമ്പോൾ ജാതിയും മതവും അപകടത്തിലാവുമെന്ന് അവർ കരുതി
- ബ്രിട്ടീഷുകാർ പശുവിന്റെയും പന്നിയുടെയും എല്ലുപൊടി കമ്പോളത്തിൽ വിൽക്കുന്ന ധാന്യപ്പൊടികളിൽ കലർത്തിയിട്ടുണ്ടെന്ന മറ്റൊരു വാർത്തയും ജനങ്ങൾക്കിടയിൽ പ്രചരിച്ചിരുന്നു
- ബ്രിട്ടീഷുകാർ ഇന്ത്യാക്കാരെ ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം ചെയ്യാൻ ബോധപൂർവ്വം ശ്രമിക്കുകയാണെന്ന വാർത്ത പരന്നു
- വില്യം ബെന്റിക് ഇന്ത്യയിൽ നടപ്പിലാക്കിയ വിവിധ സാമൂഹ്യ പരിഷ്കാരങ്ങളെ ജനങ്ങൾ സംശയത്തോടെയും ഭീതിയോടെയും വീക്ഷിച്ചു
    - സതി നിർത്തൽ ചെയ്തു

- വിധവാ പുനർവിവാഹം നടപ്പിലാക്കി
- പാശ്ചാത്യ വിദ്യാഭ്യാസം അവതരിപ്പിച്ചു

## കലാപത്തിന്റെ ചിത്രീകരണം

- 1857 ലെ കലാപവുമായി ബന്ധപ്പെട്ട് നിരവധി ചിത്രങ്ങൾ, പോസ്റ്ററുകൾ, കാർട്ടൂണുകൾ എന്നിവ നിർമ്മിക്കപ്പെട്ടു
- ഈ സൃഷ്ടികൾ അവ രചിച്ച വ്യക്തികളുടെയും ജനങ്ങളുടെയും വീക്ഷണങ്ങൾ വ്യക്തമാക്കുന്നു

**1) റിലീഫ് ഓഫ് ലക്നൗ**

- 1859 ൽ തോമസ് ജോൺസ് ബാർക്കർ വരച്ച ചിത്രം
- കലാപകാരികളെ അടിച്ചമർത്തുകയും ഇംഗ്ലീഷുകാരെ രക്ഷിക്കുകയും ചെയ്ത ബ്രിട്ടീഷ് വീര യോദ്ധാക്കളുടെ ഓർമ്മക്കായി വരക്കപ്പെട്ടു

**2) ഇൻ മെമ്മോറിയം**

- ജോസഫ് നോയൽ പാറ്റൺ വരച്ച ചിത്രം
- കലാപകാലത്തെ ബ്രിട്ടീഷ് വനിതകളുടെയും കുട്ടികളുടെയും നിസ്സഹായാവസ്ഥ ഈ ചിത്രം ആവിഷ്കരിക്കുന്നു

**3) മിസ് വീലറിന്റെ ചിത്രം**

- കാൺപൂരിലെ കലാപകാരികളെ വധിച്ചുകൊണ്ട് തന്റെ മാനം കാക്കുന്ന മിസ് വീലറിന്റെ ചിത്രം

**4) നീതി**

- ബ്രിട്ടീഷുകാരുടെ അഭിമാനത്തിനും അധികാരത്തിനും നേരെയുള്ള വെല്ലുവിളികളെ നിഷ്ക്കരുണം നേരിടുന്ന നീതി ദേവതയെ ചിത്രീകരിക്കുന്നു

➢ അടിച്ചമർത്തലുകളെയും പ്രതികാരത്തേയും പിന്തുണക്കുന്ന ധാരാളം ചിത്രങ്ങളും കാർട്ടൂണുകളും അക്കാലത്തെ ബ്രിട്ടീഷ് പത്രങ്ങളിലും കാണാൻ കഴിയും

- കലാപകാരികളെ മൃഗീയമായി കഴുവിലേറ്റി വധിക്കുന്ന ചിത്രങ്ങളും പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയുണ്ടായി

**കാനിംഗിന്റെ കാരുണ്യം**

- പഞ്ച് എന്ന ബ്രിട്ടീഷ് ആനുകാലികത്തിൽ പ്രസിദ്ധീകരിച്ച കാർട്ടൂൺ
- ഈ ചിത്രത്തിൽ അക്രമണകാരികളായ ഇന്ത്യാക്കാരുടെ നേർക്ക് കാനിംഗ് പ്രഭു കാണിച്ച മൃദു സമീപനം പരിഹസിക്കപ്പെടുന്നു

## ദേശീയ ചിത്രീകരണങ്ങൾ

- ബ്രിട്ടീഷ് ഭരണത്തിനെതിരെ സധൈര്യം പോരാടിയ വീരയോദ്ധാക്കളെ പ്രകീർത്തിക്കുന്ന ഇന്ത്യൻ രചനകളും ധാരാളം ഉണ്ടായിട്ടുണ്ട്
- സുഭദ്രകുമാരി ചൗഹാന്റെ റാണി ലക്ഷ്മി ഭായിയെക്കുറിച്ച് എഴുതിയ വരികൾ അവക്ക് ഉദാഹരണമാണ്

# മഹാത്മാഗാന്ധിയും ദേശീയ പ്രസ്ഥാനവും

## മഹാത്മാഗാന്ധി (1869-1948)

- 1869 ഒക്ടോബർ 2 ന് ഗുജറാത്തിലെ പോർബന്തറിൽ ജനിച്ചു
- പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം നിയമ പഠനത്തിനായി ഇംഗ്ലണ്ടിലേക്ക് പോയി
- 1893 ഗുജറാത്തിലെ ഒരു ബിസ്സിനസ് സ്ഥാപനത്തിന്റെ വക്കീലായി ദക്ഷിണാഫ്രിക്കയിലെത്തി
- 'സത്യാഗ്രഹം' എന്ന ആശയം ഗാന്ധിജി രൂപപ്പെടുത്തിയത് ദക്ഷിണാഫ്രിക്കയിൽ വെച്ചാണ്
- ദക്ഷിണാഫ്രിക്കയിലെ വർണവെറിയൻ ഭരണകൂടത്തിനെതിരെ അദ്ദേഹം പോരാടി
- 1915 ൽ ഗാന്ധിജി ഇന്ത്യയിലേക്ക് മടങ്ങിവന്നു
- 1916 ൽ അഹമ്മദാബാദിൽ അദ്ദേഹം സബർമതി ആശ്രമം സ്ഥാപിച്ചു
- ബനാറസ് ഹിന്ദു സർവ്വകലാശാലയുടെ ഉദ്ഘാടന വേളയിൽ നടത്തിയ പ്രസംഗം ഗാന്ധിജിയെ പ്രസിദ്ധനാക്കി

## ഗാന്ധിജിയുടെ ആദ്യകാല സമരങ്ങൾ

- ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ അംഗമാവുന്നതിന് മുമ്പ് ഗാന്ധിജി ഇന്ത്യയിൽ മൂന്ന് പ്രാദേശിക സമരങ്ങൾക്ക് നേതൃത്വം നൽകിയിരുന്നു
  - ചമ്പാരൻ സത്യാഗ്രഹം (1917)
  - അഹമ്മദാബാദ് മിൽ സമരം (1918)
  - ഖേദ സത്യാഗ്രഹം (1918)
- എന്നിവയാണ് ഗാന്ധിജിയുടെ ആദ്യകാല സമരങ്ങൾ

1) **ചമ്പാരൻ സത്യാഗ്രഹം (ബീഹാർ)**

- ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യത്തെ സത്യാഗ്രഹം
- 1917 ൽ നടന്നു
- ചമ്പാരനിലെ നീലം കർഷകരെ യൂറോപ്യൻ തോട്ടം ഉടമകൾ ചൂഷണം ചെയ്യുകയും പീഡിപ്പിക്കുകയും ചെയ്തിരുന്നു
- നീലം കർഷകരുടെ ദുരിതങ്ങൾക്കെതിരെ ഗാന്ധിജി സത്യാഗ്രഹം നടത്തി
- ഒടുവിൽ ഗവൺമെന്റ് ഒരു അന്വേഷണ കമ്മീഷനെ നിയമിച്ചു
- കർഷകരുടെ ആവശ്യങ്ങൾ ഭൂരിഭാഗവും അംഗീകരിക്കപ്പെട്ടു
- ഇന്ത്യയിലെ ഗാന്ധിജിയുടെ ആദ്യത്തെ സത്യാഗ്രഹം അങ്ങനെ വിജയം കണ്ടു

2) **അഹമ്മദാബാദ് മിൽ സമരം (ഗുജറാത്ത്)**

- 1918 ൽ നടന്നു
- അഹമ്മദാബാദിലെ തുണിമിൽ ഉടമകളും തൊഴിലാളികളും തമ്മിലുള്ള വേതന സംബന്ധമായ തർക്കത്തിൽ ഗാന്ധിജി ഇടപെട്ടു

- തൊഴിലാളികളുടെ കൂലി വർദ്ധനവ് ആവശ്യപ്പെട്ടുകൊണ്ട് ഗാന്ധിജി മരണം വരെയുള്ള നിരാഹാര സമരം ആരംഭിച്ചു
- ഒടുവിൽ മില്ലുടമകൾ ഒത്തുതീർപ്പിന് തയ്യാറായി
- തൊഴിലാളികളുടെ കൂലി 35 ശതമാനം വർദ്ധിപ്പിക്കാൻ മില്ലുടമകൾ തയ്യാറായി

**3) ഖേദ സത്യാഗ്രഹം (ഗുജറാത്ത്)**

- വിളനാശം മൂലം ദുരിതത്തിലായ ഖേദയിലെ കർഷകർ നികുതിയിളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമരം നടത്തി
- ഗാന്ധിജി ഈ പ്രശ്നത്തിൽ ഇടപെട്ടു
- ഭൂനികുതിയിൽ ഇളവ് അനുവദിക്കുന്നതുവരെ നികുതി നിഷേധിക്കാൻ കർഷകരോട് ഗാന്ധിജി ആവശ്യപ്പെട്ടു
- ഒടുവിൽ ഗവൺമെന്റ് കർഷകരുടെ ആവശ്യം അംഗീകരിച്ചു
- ഗാന്ധിജി സത്യാഗ്രഹത്തിൽ നിന്നും പിൻവാങ്ങി

***************************

➢ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ അംഗമായതിന് ശേഷം ഗാന്ധിജി ഇന്ത്യയിൽ മൂന്ന് ബഹുജന സമരങ്ങൾക്ക് നേതൃത്വം നൽകി

1) നിസ്സഹകരണ പ്രസ്ഥാനം (1920)
2) സിവിൽ നിയമലംഘന പ്രസ്ഥാനം (1930)
3) ക്വിറ്റ് ഇന്ത്യാ സമരം (1942)

**1. നിസ്സഹകരണ പ്രസ്ഥാനം (1919-20)**

- ബ്രിട്ടീഷ് ഭരണത്തിനെതിരെ ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യത്തെ ബഹുജന സമരം
- നിസ്സഹകരണ സമരത്തിലേക്ക് നയിച്ച സംഭവങ്ങൾ:
  - റൗലത്ത് നിയമങ്ങൾ (1919)
  - ജാലിയൻവാലാബാഗ് കൂട്ടക്കൊല (1919)
  - ഖിലാഫത്ത് പ്രസ്ഥാനം (1919)
- 1920 ൽ നാഗ്പൂരിൽ കൂടിയ കോൺഗ്രസ്സ് സമ്മേളനം ഗാന്ധിജിയുടെ നിസ്സഹകരണ പരിപാടി അംഗീകരിച്ചു
- പഞ്ചാബ് പ്രശ്നം തീർക്കുക, സ്വരാജ് നേടുക എന്നിവയായിരുന്നു നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങൾ
- നിസ്സഹകരണ പ്രസ്ഥാനം അഹിംസയിലധിഷ്ഠിതമായ ഒരു രാഷ്ട്രീയ പരിപാടിയായിരുന്നു
- ഇതിൽ ക്രിയാത്മകവും നിഷേധാത്മകവുമായ പരിപാടികൾ ഉണ്ടായിരുന്നു
- ഈ പ്രസ്ഥാനത്തിന്റെ ഏറ്റവും വിജയകരമായ പരിപാടി വിദേശ വസ്തുക്കളുടെയും, വസ്ത്രത്തിന്റെയും ബഹിഷ്കരണമായിരുന്നു
- 1922 ലെ ചൗരിചൗരാ സംഭവത്തെ തുടർന്ന് ഗാന്ധിജി നിസ്സഹകരണ സമരം പിൻവലിച്ചു

**ചൗരിചൗരാ സംഭവം (1922)**

- യു.പി.യിലെ ചൗരിചൗരാ ഗ്രാമത്തിൽ കുപിതരായ കർഷക സംഘം അവിടുത്തെ പൊലീസ് സ്റ്റേഷൻ ആക്രമിക്കുകയും 22 പൊലീസുകാർ കൊല്ലപ്പെടുകയും ചെയ്തു. ഈ സംഭവത്തെ തുടർന്ന് ഗാന്ധിജി നിസ്സഹകരണ പ്രസ്ഥാനം പിൻവലിച്ചു.

## 2. സിവിൽ നിയമലംഘന പ്രസ്ഥാനം/ഉപ്പ് സത്യാഗ്രഹം (1930)

- ബ്രിട്ടീഷ് ഭരണത്തിനെതിരെ ഗാന്ധിജി നയിച്ച രണ്ടാമത്തെ ജനകീയ സമരമാണ് സിവിൽ നിയമലംഘന പ്രസ്ഥാനം
- 1929 ലെ കോൺഗ്രസ്സിന്റെ ലാഹോർ സമ്മേളനം സിവിൽ നിയമലംഘന പ്രസ്ഥാനം ആരംഭിക്കാൻ അനുമതി നൽകി
- ഉപ്പ് നിയമം ലംഘിച്ചുകൊണ്ട് ഗാന്ധിജി സിവിൽ നിയമലംഘന പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു
- ഉപ്പ് നിയമം ബ്രിട്ടീഷ് ഇന്ത്യയിലെ വെറുക്കപ്പെട്ട ഒന്നായിരുന്നു. ഇത് പ്രകാരം ഇന്ത്യയിൽ ഉപ്പ് നിർമ്മിക്കാനും വിൽക്കാനുമുള്ള അധികാരം ബ്രിട്ടീഷ് ഗവൺമെന്റിന്റെ കുത്തകയായിരുന്നു
- 1930 മാർച്ച് 12 ന് ഗാന്ധിജി പ്രസിദ്ധമായ 'ദണ്ഡി യാത്ര' ആരംഭിച്ചു
- 78 അനുയായികൾക്കൊപ്പം 200 മൈൽ ദൂരെയുള്ള ദണ്ഡി കടപ്പുറത്തേക്ക് 24 ദിവസം കൊണ്ട് കാൽ നടയായി യാത്ര ചെയ്തു
- ഏപ്രിൽ 6ന് ദണ്ഡി കടപ്പുറത്തെത്തിച്ചേർന്നു
- ദണ്ഡിയിൽ വെച്ച് ഉപ്പ് നിർമ്മിച്ചുകൊണ്ട് ഉപ്പുനിയമം ലംഘിച്ചു
- തുടർന്ന് ഇന്ത്യയുടെ പല ഭാഗങ്ങളിലും ജനങ്ങൾ ഉപ്പ് നിയമം ലംഘിച്ചു
- നഗരങ്ങളിൽ തൊഴിലാളികൾ പണിമുടക്കി
- അഭിഭാഷകർ കോടതി ബഹിഷ്കരിച്ചു
- വിദ്യാർത്ഥികൾ വിദ്യാലയങ്ങൾ ബഹിഷ്കരിച്ചു
- സിവിൽ നിയമലംഘന പ്രസ്ഥാനത്തെ അടിച്ചമർത്താൻ ഗവൺമെന്റ് ശ്രമിച്ചു
- 1931 മാർച്ചിൽ ഗാന്ധി-ഇർവിൻ ഉടമ്പടിയെതുടർന്ന് സിവിൽ നിയമലംഘന പ്രസ്ഥാനം താൽക്കാലികമായി നിർത്തിവെച്ചു
- 1934 ൽ സിവിൽ നിയമലംഘന പ്രസ്ഥാനം കോൺഗ്രസ്സ് അന്തിമമായി പിൻവലിച്ചു

### വട്ടമേശ സമ്മേളനങ്ങൾ

- 1930, 1931, 1932 വർഷങ്ങളിൽ ബ്രിട്ടീഷ് ഗവൺമെന്റ് ലണ്ടനിൽ മൂന്ന് വട്ടമേശ സമ്മേളനങ്ങൾ വിളിച്ച് ചേർക്കുകയുണ്ടായി
- ഒന്നാം വട്ടമേശ സമ്മേളനത്തിൽ കോൺഗ്രസ്സ് പങ്കെടുത്തില്ല
- രണ്ടാം വട്ടമേശ സമ്മേളനത്തിൽ ഗാന്ധിജി കോൺഗ്രസ്സിന്റെ പ്രതിനിധിയായി പങ്കെടുത്തു
- മൂന്നാം വട്ടമേശ സമ്മേളനത്തിലും കോൺഗ്രസ്സ് പങ്കെടുത്തില്ല

## 3. ക്വിറ്റ് ഇന്ത്യാ സമരം (1942)

- 1942 ൽ ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചിൽ സ്റ്റാഫോർഡ് ക്രിപ്സിനെ ഇന്ത്യയിലേക്കയച്ചു
- 'ക്രിപ്സ് ദൗത്യം' ഒരു പരാജയമായിരുന്നു
- ക്രിപ്സ് ദൗത്യത്തിന്റെ പരാജയത്തിന് ശേഷം ബ്രിട്ടീഷ് ഭരണത്തിനെതിരെ തന്റെ മൂന്നാമത്തെ ബഹുജന സമരം ആരംഭിക്കാൻ ഗാന്ധിജി തീരുമാനിച്ചു
- ഈ സമരം 'ക്വിറ്റിന്ത്യാ പ്രസ്ഥാനം' എന്ന പേരിൽ അറിയപ്പെടുന്നു
- ബ്രിട്ടീഷുകാർ ഇന്ത്യവിട്ടു പോവണമെന്ന് ഗാന്ധിജി ആവശ്യപ്പെട്ടു

- 1942 ആഗസ്റ്റ് 8 ന് ബോംബെയിൽ ചേർന്ന കോൺഗ്രസ്സ് സമ്മേളനം 'ക്വിറ്റിന്ത്യാ പ്രമേയം' പാസ്സാക്കി
- "പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക" എന്ന മന്ത്രവുമായി എല്ലാവരും സമര രംഗത്തിറങ്ങാൻ ഗാന്ധിജി ആഹ്വാനം ചെയ്തു
- ആഗസ്റ്റ് 9 ന് ഗാന്ധിജി ഉൾപ്പെടെയുള്ള നേതാക്കളെ ഗവൺമെന്റ് അറസ്റ്റ് ചെയ്തു
- ജനങ്ങൾ സമര രംഗത്തേക്ക് സ്വമേധയാ എടുത്ത് ചാടി
- ജയപ്രകാശ് നാരായണൻ, അരുണാ ആസഫലി തുടങ്ങിയ നേതാക്കൾ ഒളിവിൽ നിന്ന് കൊണ്ട് ഈ സമരത്തിന് നേതൃത്വം നൽകി
- രാജ്യത്തിന്റെ പലഭാഗങ്ങളിലും പ്രതിഷേധങ്ങളും പണിമുടക്കുകളും അരങ്ങേറി
- ഒരു വർഷത്തെ കഠിന ശ്രമത്തിന് ശേഷമാണ് ബ്രിട്ടീഷുകാർക്ക് ഈ സമരത്തെ അടിച്ചമർത്താൻ സാധിച്ചത്

**********XXXXXXX**********

പ്രമേയം 15

# കേരളം ആധുനികതയിലേക്ക്

## കൊളോണിയലിസത്തിനെതിരെയുള്ള ആദ്യകാല ചെറുത്തുനിൽപ്പുകൾ

- കേരളത്തിൽ ബ്രിട്ടീഷ് ആധിപത്യത്തിനെതിരായി നടന്ന ആദ്യകാല സമരങ്ങൾക്ക് നേതൃത്വം നൽകിയവർ:
  - പഴശ്ശിരാജ, കുറിച്യർ, മാപ്പിള കർഷകർ (മലബാർ)
  - വേലുതമ്പി ദളവ (തിരുവാതാംകൂർ)
  - പാലിയത്തച്ചൻ (കൊച്ചി)

**പഴശ്ശി കലാപം (1793-1805)**

- മലബാറിലെ കോട്ടയം രാജാവായിരുന്നു കേരളവർമ്മ പഴശ്ശിരാജ
- ബ്രിട്ടീഷുകാരുടെ തെറ്റായ നികുതി നയത്തിനെതിരെയായിരുന്നു അദ്ദേഹത്തിന്റെ സമരം
- ഒന്നാം ഘട്ടം (1793 മുതൽ 1797 വരെ)
  - പഴശ്ശിരാജ വിജയിച്ചു
  - ബ്രിട്ടീഷുകാരുമായി സമാധാന ഉടമ്പടിയിൽ ഒപ്പ് വെച്ചു
- രണ്ടാം ഘട്ടം (1800-1805)
  - കുറിച്യരും കുറുമ്പരും അദ്ദേഹത്തെ സഹായിച്ചു
  - സബ് കളക്ടർ തോമസ് ഹാർവി ബേബർ ബ്രിട്ടീഷ് സൈന്യത്തെ നയിച്ചു
  - 'കോൽക്കാർ' എന്ന തദ്ദേശീയ സൈന്യത്തെ പഴശ്ശിക്കെതിരെ ഉപയോഗപ്പെടുത്തി
  - 1805 നവംബർ 30ന് വയനാട്ടിലെ മാവിലാത്തോട് എന്ന സ്ഥലത്തുവെച്ച് നടന്ന യുദ്ധത്തിൽ പഴശ്ശിരാജ കൊല്ലപ്പെടുന്നു

**വേലുത്തമ്പിയും പാലിയത്തച്ചനും**

- 1805 ൽ ബ്രിട്ടീഷുകാരുമായുണ്ടാക്കിയ ഉടമ്പടിയുടെ ഫലമായി തിരുവിതാംകൂറിന്റെ രാഷ്ട്രീയ സ്വാതന്ത്ര്യം നഷ്ടമായി
- ബ്രിട്ടീഷ് റസിഡന്റായിരുന്ന കേണൽ മെക്കാളെ തിരുവിതാംകൂറിന്റെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെട്ടു
- ഇത് വേലുത്തമ്പി എതിർത്തു
- അദ്ദേഹം കൊച്ചിയിലെ പ്രധാനമന്ത്രിയായിരുന്ന പാലിയത്തച്ചനുമായി ചേർന്ന് മെക്കാളെയുടെ വസതി ആക്രമിച്ചു
- 'കുണ്ടറ വിളംബര'ത്തിൽ (1809) ബ്രിട്ടീഷുകാർക്കെതിരെ അണിചേരാൻ വേലുത്തമ്പി ജനങ്ങളോട് ആഹ്വാനം ചെയ്തു
- ബ്രിട്ടീഷുകാർ വേലുത്തമ്പിയെ പിടികിട്ടാപുള്ളിയായി പ്രഖ്യാപിച്ചു
- അദ്ദേഹം മണ്ണടിയിലെ ഒരു വീട്ടിൽ അഭയം തേടി
- ബ്രിട്ടീഷുകാർ ആ വീട് വളഞ്ഞപ്പോൾ വേലുത്തമ്പി ആത്മഹത്യ ചെയ്തു

**കുറിച്യ കലാപം (1812)**

- പഴശ്ശികലാപത്തിൽ ബ്രിട്ടീഷുകാർക്കെതിരെ പോരാടിയ വയനാട്ടിലെ ആദിവാസി കളായിരുന്നു കുറിച്യരും കുറുമ്പരും

- ബ്രിട്ടീഷുകാർ ഇവരോട് ശത്രുതയോടെ പെരുമാറി
- അവരുടെ തുണ്ടുഭൂമികൾ ബ്രിട്ടീഷുകാർ പിടിച്ചെടുത്തു
- 1812 ൽ രാമൻ നമ്പിയുടെ നേതൃത്വത്തിൽ കുറിച്യർ കലാപം ആരംഭിച്ചു
- ഈ കലാപത്തെ ബ്രിട്ടീഷുകാർ അടിച്ചമർത്തി

**മാപ്പിള കലാപങ്ങൾ**

- 19-ാം നൂറ്റാണ്ടിൽ മലബാറിലെ മാപ്പിള കർഷകർ ബ്രിട്ടീഷുകാർക്കെതിരെ കലാപം നടത്തി
- അമ്പതിലധികം കലാപങ്ങൾ തെക്കെ മലബാറിൽ ഉണ്ടായി
- ഈ കലാപത്തെക്കുറിച്ച് അന്വേഷിക്കാൻ ബ്രിട്ടീഷ് ഗവൺമെന്റ് വില്യം ലോഗനെ നിയമിച്ചു
- ബ്രിട്ടീഷുകാരുടെ തെറ്റായ നികുതി നയമാണ് ഈ കലാപങ്ങൾക്ക് കാരണം എന്ന് അദ്ദേഹം റിപ്പോർട്ട് ചെയ്തു
- കലാപങ്ങളെ ബ്രിട്ടീഷുകാർ അടിച്ചമർത്തി
- ഈ മാപ്പിള കലാപങ്ങളുടെ പാരമ്യതയാണ് 1921 ലെ മലബാർ കലാപം

## സാമൂഹിക പരിഷ്കരണം

- 19-ാം നൂറ്റാണ്ടിൽ കേരളം നിരവധി മതപരമായ അന്ധവിശ്വാസങ്ങൾക്കും സാമൂഹിക അസമത്വത്തിനും അനാചാരങ്ങൾക്കും സാക്ഷ്യം വഹിച്ചു
- തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ, വഴിനടക്കാനും ക്ഷേത്ര ദർശനത്തിനുമുളള സ്വാതന്ത്ര്യ നിഷേധം എന്നിവ നിലനിന്നിരുന്നു
- വൈകുണ്ഠ സ്വാമികൾ, ശ്രീ നാരായണ ഗുരു, ചട്ടമ്പി സ്വാമികൾ, വക്കം അബ്ദുൾ ഖാദർ മൗലവി, വാഗ്ഭടാനന്ദൻ, വി.ടി. ഭട്ടതിരിപ്പാട്, മാർ കുരിയാക്കോസ് ഏലിയാസ് ചാവറ തുടങ്ങിയവർ സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിച്ചു

**5) വൈകുണ്ഠ സ്വാമികൾ**

- പ്രസ്ഥാനം: സമത്വസമാജം
- കൃതികൾ: അഖില തിരുട്ട്, അരുൾ നൂൽ
- ആദ്യമായി ദക്ഷിണേന്ത്യയിൽ കണ്ണാടി പ്രതിഷ്ഠ നടത്തി
- അദ്ദേഹത്തിന്റെ വിശ്വാസ സമ്പ്രദായം അയ്യാവഴി എന്നറിയപ്പെട്ടു

**6) ശ്രീനാരായണ ഗുരു**

- ചെമ്പഴന്തിയിൽ ജനിച്ചു
- പ്രസ്ഥാനം: SNDP
- കൃതികൾ: ആത്മോപദേശ ശതകം, ദൈവ ദശകം, ദർശന മാല, ശിവശതകം, നവമഞ്ജരി
- അദ്ദേഹത്തിന്റെ പ്രസിദ്ധമായ വചനം: 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്'
- അരുവിപ്പുറം പ്രതിഷ്ഠ നടത്തി

**7) അയ്യങ്കാളി**

- വെങ്ങാനൂരിൽ ജനനം
- പ്രസ്ഥാനം: സാധുജന പരിപാലന യോഗം
- കല്ലുമാല സമരം സംഘടിപ്പിച്ചു

8) **വക്കം അബ്ദുൾ ഖാദർ മൗലവി**

- പ്രസ്ഥാനം: തിരുവിതാംകൂർ മുസ്ലിം മഹാജന സഭ
- പ്രസിദ്ധീകരണങ്ങൾ: സ്വദേശാഭിമാനി, അൽ ഇസ്ലാം

9) **വാഗ്ഭടാനന്ദൻ**

- പ്രസ്ഥാനം: ആത്മവിദ്യാസംഘം
- പ്രസിദ്ധീകരണങ്ങൾ: അഭിനവ കേരളം, ആത്മവിദ്യാ കാഹളം

10) **വി.ടി. ഭട്ടതിരിപ്പാട്**

- പ്രസിദ്ധീകരണം: അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് (നാടകം)

## ജനാധിപത്യ സമൂഹത്തിന് വേണ്ടിയുള്ള പോരാട്ടം

**ചാന്നാർ ലഹള**

- ചാന്നാർ ജാതിയിൽപ്പെട്ട സ്ത്രീകൾക്ക് മേൽകുപ്പായം ധരിക്കാനുള്ള അവകാശത്തിനായി തുടങ്ങിയ പ്രക്ഷോഭം
- 1859 ജൂലൈ 26 ന് വസ്ത്രധാരണത്തിനുള്ള നിയന്ത്രണം നീക്കിക്കൊണ്ട് തിരുവിതാംകൂർ രാജാവ് ഉത്തരവിറക്കി

**വൈക്കം സത്യാഗ്രഹം (1924-25)**

- അയിത്തത്തിനെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ പ്രധാന പ്രക്ഷോഭം
- വൈക്കം ക്ഷേത്രത്തിന് സമീപമുള്ള റോഡിലൂടെ താഴ്ന്ന ജാതിയിൽപ്പെട്ട ആളുകൾക്ക് നടക്കാനുള്ള അവകാശത്തിനായി നടന്ന സത്യാഗ്രഹം
- ടി.കെ. മാധവൻ, മന്നത്ത് പത്മനാഭൻ, സി.വി. കുഞ്ഞിരാമൻ, കെ. കേളപ്പൻ, കെ.പി. കേശവമേനോൻ തുടങ്ങിയവർ നേതൃത്വം നൽകി
- 1925 നവംബർ 23 ന് വൈക്കം ക്ഷേത്രത്തിന് ചുറ്റുമുള്ള പ്രധാന റോഡുകൾ എല്ലാവർക്കും തുറന്ന് കൊടുത്തു

**ഗുരുവായൂർ സത്യാഗ്രഹം (1931-32)**

- ഗുരുവായൂർ ക്ഷേത്രം എല്ലാ ഹിന്ദുക്കൾക്കുമായി തുറന്നു കൊടുക്കുക എന്നതായിരുന്നു സത്യാഗ്രഹത്തിന്റെ ലക്ഷ്യം
- കെ.കേളപ്പൻ, മന്നത്ത് പത്മനാഭൻ, എ.കെ.ഗോപാലൻ, പി.കൃഷ്ണപിള്ള തുടങ്ങിയവർ നേതൃത്വം നൽകി
- എ.കെ.ഗോപാലനെയും പി.കൃഷ്ണപിള്ളയേയും സവർണർ കയ്യേറ്റം ചെയ്തു
- ക്ഷേത്രപ്രവേശനത്തിന് പൊതുജനാഭിപ്രായം രൂപപ്പെടുത്താൻ ഈ സമരത്തിന് സാധിച്ചു

**ക്ഷേത്ര പ്രവേശന വിളംബരം (1936 നവംബർ 12)**

- തിരുവിതാംകൂർ രാജാവ് ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മയുടെ വിളംബരം
- ജാതി ഭേദമില്ലാതെ തിരുവിതാംകൂറിലെ എല്ലാ ക്ഷേത്രങ്ങളും എല്ലാ ഹിന്ദുക്കൾക്കുമായി തുറന്നു കൊടുത്തു
- "ആധുനിക കാലത്തെ മഹാത്ഭുതം" എന്ന് ഗാന്ധിജി ഇതിനെ വിശേഷിപ്പിച്ചു

**പാലിയം സത്യാഗ്രഹം (1947-48)**

- അയിത്തത്തിനെതിരെ നടന്ന പ്രക്ഷോഭം
- കൊച്ചി രാജ്യത്തെ പ്രധാനമന്ത്രി പാലിയത്തച്ചന്റെ വസതിക്ക് മുമ്പിലൂടെയുള്ള നിരത്തിലൂടെ താഴ്ന്ന ജാതിക്കാർക്ക് സഞ്ചരിക്കാനുള്ള അവകാശത്തിനായി നടന്ന സത്യാഗ്രഹം
- കൊച്ചി രാജ്യപ്രജാമണ്ഡലം, കമ്മ്യൂണിസ്റ്റ് പാർട്ടി, SNDP യോഗം തുടങ്ങിയവ നേതൃത്വം നൽകി
- 1948 ൽ പാലിയം റോഡിലൂടെ എല്ലാ ഹിന്ദുക്കൾക്കും നടക്കാനുള്ള സ്വാതന്ത്ര്യം ലഭിച്ചു

**********XXXXXXX**********